9. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും, വിവിധ ജില്ലകളിൽ ആദിവാസി ഊരുകളിൽ ആവശ്യാനുസരണം മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

10. ആദിവാസി മേഖലകളിലെ സബ്സെന്ററുകളിൽ കുടിവെള്ളം ക്ലോറിനേറ്റ് ചെയ്യാനാവശ്യമായ ബ്ലീച്ചിംഗ് പൗഡർ, വയറിളക്ക പാനീയ ചികിത്സക്കാവശ്യമായ ഒ. ആർ. എസ്. പായ്ക്കറ്റുകൾ എന്നിവയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും മറ്റ് ആശുപത്രികളിലും രോഗപ്രതിരോധത്തിനും രോഗചികിത്സയ്ക്കും ആവശ്യമായ മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്.

11. വിവിധ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ച വ്യാധി രോഗങ്ങൾ ഓരോ ദിവസം ജില്ലാ തലത്തിൽ ഡി. എം. ഒ. ഓഫീസ് വഴിയും സംസ്ഥാനതലത്തിൽ ഡി. എച്ച്. എസ്. ഓഫീസ് വഴിയും മോണിറ്റർ ചെയ്തു വരുന്നുണ്ട്.

(ബി) പകർച്ച വ്യാധികൾ തടയുന്നതിനുള്ള എല്ലാ നടപടികളും പ്രൈമറി ഹെൽത്ത് സെന്ററുകൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

(സി) 9 കോടി 59 ലക്ഷം രൂപയുടെ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോജക്ടിനു കേന്ദ്ര സർക്കാർ കേരള സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം ഒരു കോടി അൻപത്താറു ലക്ഷത്തി എഴുപത്തേഴായിരത്തി ഇരുന്നൂറ്റി അൻപതു രൂപ ലഭിച്ചിട്ടുണ്ട്.

ഭ്രൂണഹത്യകൾ

170 [1771] *ശ്രീ. കെ. സി. ജോസഫ്:*

,, *ലൂഡി ലൂയിസ്:*

,, *വി. ജെ. പൗലോസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005-ൽ സംസ്ഥാനത്ത് നടന്നിട്ടുള്ള പ്രസവങ്ങൾ എത്ര; അതിൽ ജനിച്ച പെൺകുട്ടികളെത്ര;

(ബി) ഇപ്പോൾ സംസ്ഥാനത്ത് ജനിക്കുന്ന പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004-2005-ൽ സംസ്ഥാനത്ത് എത്ര ഭ്രൂണഹത്യകൾ നടന്നു; അതിൽ പെൺഭ്രൂണങ്ങൾ എത്രയുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004-2005-ൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലുമായി ആകെ 642080 പ്രസവങ്ങൾ നടന്നു. ഇതിൽ 313872 പേർ പെൺകുട്ടികളായിരുന്നു.

(ബി) ഉണ്ട്. ഇതിനുള്ള കാരണം വിശകലനത്തിന് വിധേയമാക്കിയിട്ടില്ല.

(സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 2949-ഉം മറ്റ് സർക്കാർ ആശുപത്രികളിൽ 27918 ഭ്രൂണഹത്യകളും നടന്നു. ലിംഗ നിർണ്ണയം ഭ്രൂണാവസ്ഥയിൽ നടത്തുന്നത് കുറ്റകരമായതിനാൽ ലിംഗ വ്യത്യാസം അനുസരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

ഫാർമക്കോളജി വിഭാഗം ആരംഭിക്കുവാൻ നടപടി

171 [1773] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജിയിൽ ഒരു ഫാർമക്കോളജി വിഭാഗം ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും എന്തൊക്കെ, നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്ര ഫണ്ടിൽ നിന്നും ലഭിച്ച 3 കോടി രൂപ ആശുപത്രി നവീകരണത്തിനായി പഴയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും, ഇലക്ട്രിക് പണി, സാനിറ്ററി പണി, ഓപ്പറേഷൻ തീയേറ്റർ എന്നിവ നന്നാക്കുന്നതിനും ആധുനിക യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുമായി ഉപയോഗിച്ചു. 2005-06 വർഷത്തിലെ വികസന പ്രവർത്തനം ആധുനീകരിക്കുന്നതിനായി 20 കോടി രൂപയുടെ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly